പതിനാലാം കേരള നിയമസഭ

<u>പതിനൊന്നാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 982 | 06.06.2018 ൽ മറുപടിയ്ക്ക്

## വന്യജീവികളുടെ ആക്രമണത്തിന് നഷ്ടപരിഹാരം

| ചോദ്യം<br><br>ശ്രീ.റ്റി.വി.രാജേഷ് | | ഉത്തരം<br><br>അഡ്വ. കെ.രാജു<br><br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | വന്യജീവികളുടെ ആക്രമണം മൂലമുണ്ടാകുന്ന കാർഷിക വിള നാശത്തിന് ഏത് മാനദണ്ഡമനുസരിച്ചാണ് നഷ്ടപരിഹാരം നല്കി വരുന്നത്; | (എ) | (എ) 1980-ലെ " ദി കേരളാ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസംഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ്" പ്രകാരമാണ് നഷ്ടപരിഹാരം നൽകുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ, നിലവിൽ വന്യജീവികളുടെ ആക്രമണം മൂലമുണ്ടാകുന്ന കാർഷിക വിളനാശത്തിന് 08.01.2015-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.02/2015/വനം നിഷ്കർഷിക്കുന്ന നിരക്ക് പ്രകാരം നഷ്ടപരിഹാരം നൽകി വരുന്നു. |
| (ബി) | പ്രസ്തുത നഷ്ടപരിഹാരം വർദ്ധിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) | വന്യജീവി ആക്രമണം മൂലമുള്ള വിളനാശത്തിന് നൽകി വന്നിരുന്ന നഷ്ടപരിഹാരം പരമാവധി 75,000/- രൂപയായിരുന്നത് 05.04.2018-ലെ സർക്കാർ ഉത്തരവ് (എം.എസ്)നം.17/2018/വനം പ്രകാരം ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ